"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സാങ്കേതികം - തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാച്ച്മാനായ ശ്രീ.വിഷ്ണു.എം.എസ് - ന്റെ മാതാവിന്റെ ചികിത്സക്കായി അനുവദിച്ച പലിശ രഹിത വായ്പ ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

**സ.ഉ.(സാധാ) നം.565/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 28/04/2020

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 1215 /2017 /ഉ.വി.വ തിയതി 27 .06 .2017.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 06.12.2018, 23.12.2019 എന്നീ തിയതികളിലെ കത്ത് നമ്പർ.എ7/14438 /17 /ഡി.റ്റി.ഇ.

<u>ഉത്തരവ്</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാച്ച്മാനായ ശ്രീ.വിഷ്ണു.എം.എസ് - ന്റെ മാതാവിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ചികിത്സക്കായി പരാമർശം (1) ഉത്തരവ് പ്രകാരം 1,50,000/-രൂപ ( ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം ) പലിശ രഹിത വായ്പയായി അനുവദിച്ചിരുന്നു.

പ്രസ്തുത പലിശ രഹിത വായ്പ ക്രമീകരിക്കണമെന്നപേക്ഷിച്ച് കൊണ്ട് പരാമർശം (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കത്ത് നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ വാച്ച്മാനായ ശ്രീ.വിഷ്ണു.എം.എസ്( ജനന തിയതി : 15.03.1992, PEN No : 779936 ) - ന്റെ മാതാവിന് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ Carcinoma in Stomach ചികിത്സക്ക് ചെലവായ തുകയിൽ , ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമാണെന്ന് അറിയിച്ചിരിക്കുന്ന 1,04,229/- രൂപ ( ഒരു ലക്ഷത്തി നാലായിരത്തി ഇരുനൂറ്റി ഇരുപത്തി ഒൻപതു രൂപ മാത്രം) റീ ഇംപേഴ്സ്മെന്റായി അനുവദിച്ച് പരാമർശം (1) പ്രകാരം അനുവദിച്ച 1,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പയിൽ ക്രമീകരിച്ചു കൊണ്ടും പലിശ രഹിത ചികിത്സാ വായ്പയിൽ ബാക്കിയുള്ള മുഴുവൻ തുകയും അപേക്ഷകൻ ട്രഷറിയിൽ തിരിച്ചടച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത പലിശ രഹിത ചികിത്സാ വായ്പ ക്രമീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത വിവരങ്ങൾ അപേക്ഷകന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല എസ്**
**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്:-

1.ശ്രീ.വിഷ്ണു.എം.എസ്, വാച്ച്മാൻ , ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് , മണ്ണന്തല, തിരുവനന്തപുരം.
2.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
3.സൂപ്രണ്ട് , ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് , മണ്ണന്തല, തിരുവനന്തപുരം.
4.ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം.
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ&ഇ / ആഡിറ്റ്) , കേരള , തിരുവനന്തപുരം.
6.ട്രഷറി ഓഫീസർ, സബ് ട്രഷറി, കടപ്പനക്കുന്ന്, തിരുവനന്തപുരം.
7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി ആർ ഡി.
8.www.highereducation.kerala.gov.in
9.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ